will be able to introduce new provisions without being in a position to know what the community really wants and what the views of the members of the community are.

What I said was that the provisions contained in the original Bill were considered by the Select Committee. The Select Committee thought that in the interest of the community some of these provisions ought to be deleted. They did delete them. Now if any member thinks that those provisions ought to find a place in the Bill he should see that these provisions are brought in. That a few of the provisions that find a place in the original Bill do not find a place in it after it is revised by the Select Committee is no ground to recommit the Bill to a Select Committee. Changes have been made by the Select Committee. That is quite in keeping with the functions of the Select Committee and that is no reason why the Bill should go again to a Select Committee. Under the circumstances I have to oppose the motion for recommittal.

MR. K. MADHAVAN PILLAI (*Trivandrum cum Neduvangad*): Does Mr. Thanu Pillai suggest that a new Select Committee has no power to embody new provisions in the Bill?

MR. A. THANU PILLAI (*Trivandrum*): I do not suggest that they have absolutely no power to embody new provisions. But the function of the Select Committee is really to see that consistently with the provisions embodied in the Bill as introduced they introduce amendments. But they cannot introduce new matters that are not dealt with by the original Bill itself. And especially in a piece of legislation which seeks to settle the social arrangements of a community, it is dangerous for a Select Committee to introduce such new things.

MR. K. MADHAVAN PILLAI (*Trivandrum cum Neduvangad*): Are they absolutely out of jurisdiction?

MR. A. THANU PILLAI (*Trivandrum*): I do not say that they will be absolutely out of jurisdiction. But it will be inexpedient and even dangerous to do so. But, if further elaborate provisions are to be made, this Bill may be considered and passed now, and a fresh Bill will have to be introduced. That would be the safer course. If necessary a committee may be appointed to go into the whole question, take evidence and draft a Bill.

MR. K. MADHAVAN PILLAI (*Trivandrum cum Neduvangad*): Apart from taking evidence, has he any doubt that the Select Committee will improve and expand it?

MR. A. THANU PILLAI (*Trivandrum*): Sir, I am not sure of that. I began by stating that I am one of those who is most anxious to further the interests of this great and important community, and I say that the Bill should not be recommitted but should be discussed and passed into law. The persons who have the interest of the community at heart should see that this Bill is passed and another Bill introduced to amend the law later on if necessary.

LIBRARY ARCHIVES Kerala Legislative Assembly

MR. K. MADHAVAN PILLAI (*Trivandrum cum Neduvangad*): May I ask the member whether he does not realise, even in respect of this Bill, there is a difference of opinion in the community?

MR. A. THANU PILLAI (*Trivandrum*): Difference of opinion is quite possible on matters of social legislation. Personally my view is that this Bill should be discussed and passed into law at the earliest opportunity and then occasion taken subsequently to improve the law by a new Bill.

MR. MATTHEW MURIKKAN (*Vaikam*): May I know whether there is any danger in recommitting the Bill to another Select Committee?

MR. A. THANU PILLAI (*Trivandrum*): So far as that is concerned, I may say there may not be much danger in recommitting the Bill.

Sir, recently I had occasion to attend a meeting where a large number of Namputiries had gathered. I understood from the gentlemen who attended that meeting that they were anxious to see that this Bill is soon passed into law.

MR. K. P. NILAKANTA PILLAI (*Chirayinkil*): May I know from the member whether he is aware of the meetings held at Chengannur, Chirayinkil and other places and the resolutions passed at these places opposing this Bill?

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): I rise to a point of order. I wish to know whether my friends Messrs. Thanu Pillai and K. P. Nilakanta Pillai are justified in referring to what transpired outside the Council Chamber when the relevant papers are not placed before the House.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): As far as social legislation is concerned is it possible to reach complete unanimity? What is the member's experience as far as social legislation is concerned?

MR. A. THANU PILLAI (*Trivandrum*): It is the experience of all people that it is not possible to reach complete unanimity on such matters.

MR. K. P. NILAKANTA PILLAI (*Chirayinkil*): May I know whether if he is opposed to the Bill being sent to a fresh Select Committee, he has any objection to allow the Bill to stand over now and being taken up at the next meeting of the Council so that the House may be given more time to make this imperfect Bill more perfect?

MR. A. THANU PILLAI (*Trivandrum*): There is no motion before the House to that effect.

PRESIDENT: Yes; that is so.

MR. A. THANU PILLAI (*Trivandrum*): I am giving expression to what I have been able to gather from my knowledge of the community. Personally I am of opinion that the Bill should be taken up for consideration as amended by the Select Committee. This is a very serious matter which requires very great consideration. Probably that is one of the reasons why the Select Committee was not in a

LIBRARY ARCHIVES Kerala Legislative Assembly

position to put in many more provisions. This being an attempt at social legislation the Select Committee naturally thought that they ought to proceed in the line of least resistance, and they have given the Bill this form.

MR. K. MADHAVAN PILLAI (*Trivandrum* cum *Neduvangad*): Should not the legislature render this community or any other community at least social and economic justice, and see that human justice is done?

MR. A. THANU PILLAI (*Trivandrum*): No injustice has been done.

MR. K. MADHAVAN PILLAI (*Trivandrum* cum *Neduvangad*): I do not say that they should prevent it but they should render justice.

MR. A. THANU PILLAI (*Trivandrum*): Justice will be done by the Council.

MR. K. MADHAVAN PILLAI (*Trivandrum* cum *Neduvangad*): Does he contend that it is impossible to do more?

MR. A. THANU PILLAI (*Trivandrum*): It may not be impossible. We are not concerned with such abstract propositions.

MR. K. MADHAVAN PILLAI (*Trivandrum* cum *Neduvangad*): Can I take it that he is against recommittal of the measure on a mere technical ground?

MR. A. THANU PILLAI (*Trivandrum*): I object to the recommittal on the ground of expediency as well.

MR. V. CHELLAM PILLAI (*Tovala*): May I know from the member whether he is aware of the fact that out of 10 witnesses only some witnesses are opposed to the Bill whereas many of the petitions are in support of the Bill?

MR. A. THANU PILLAI (*Trivandrum*): Yes, that is what we find from the report.

MR. V. CHELLAM PILLAI (*Tovala*): Out of 10, only some are in support of the Bill.

MR. A. THANU PILLAI (*Trivandrum*): Some may be 9 out of ten. Any how, Sir, I strongly support the motion for consideration of the Bill.

MR. K. P. NILAKANTA PILLAI (*Chirayinkil*): Sir, I beg——

(Mr. T. C. Kesava Pillai also stood up.)

PRESIDENT: Mr. Kesava Pillai stood up before Mr. Nilakanta Pillai and along with Mr. Thanu Pillai, I asked him to sit down. So he must be given an opportunity to speak now.

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): ഈ നമ്പൂതിരിബില്ലിനെ വേറെ ഒരു സിലക്ട് കമ്മിറ്റിക്കു് അയച്ചു് കുറെക്കൂടി പ്രൂഫ്‌ലോചന നടത്തി ഈ കൌൺസിലിലെ എല്ലാ സാമാജികന്മാക്കും അതിന്റെ തത്വം നല്ലപോലെ മനസ്സിലാക്കി അതിന്റെഗുണദോഷങ്ങളെ

LIBRARY ARCHIVES Kerala Legislative Assembly

[Mr. T. C. Kesava Pillai.]

പ്പററി ഗാഡമായി ചിന്തിച്ച് ഒരു തീരുമാനം വരുത്തുന്നതു നന്നായിരിക്കുമെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ പൂർണ്ണമായി യോജിക്കുന്നു. ഈ സിലക്ട് കമ്മിററി റിപ്പോർട്ടിന്റെ ഡിസെൻറിംഗ് മിന്നിട്ടു മുതലായ കടലാസുകൾ ഇന്നു കുറച്ചു മുമ്പു ഞങ്ങൾക്കു കിട്ടി. ഒരു തടസ്സം ഹാജരാക്കിയ എന്റെ ഒരു സ്നേഹിതൻ നമ്പൂതിരിപ്പാട് കഴിഞ്ഞ കൌൺസിലിൽ ഹാജരാക്കിയ ബില്ലിനെ അതേ നിലയിൽ എടുത്തുകൊണ്ടു വന്നിരിക്കുകയാണു്. അതിനെ സംബന്ധിച്ചു കടലാസുകൾമറുള്ളവർക്കു അറിയാൻ പാടില്ല എന്നു പറഞ്ഞു. എന്നെ സംബന്ധിച്ചു പറയുകയാണെങ്കിൽ കടലാസുകൾ ഇന്നാണു് എനിക്കു കിട്ടീട്ടുള്ളതു്. ആ കടലാസുകൾ എനിക്കു കിട്ടിയപ്പോൾ കിട്ടിയ ചുരുങ്ങിയ സമയംകൊണ്ടു വായിച്ചുനോക്കി എങ്കിലും അതിനെ സംബന്ധിച്ചു് ഒന്നു ചിന്തിച്ചാൽ മാത്രമേ അതിന്റെ ഗുണദോഷം നല്ലവണ്ണം മനസ്സിലാകയുള്ളൂ.

MR. K. N. KESAVAN NAMPUTIRIPAD (*Jeniies*): സിലക്ട് കമ്മിററി റിപ്പോർട്ട് ഗസററിൽ പ്രസിദ്ധം ചെയ്തിരുന്നതായി അറിയാമോ?

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): ഗസററിൽ പ്രസിദ്ധപ്പെടുത്തിയിരുന്നതു് ബില്ലു മാത്രമാണു്. അതിൽ ഫോറംവകുപ്പു് അനുസരിച്ചുള്ള സംഗതികൾ ഇന്നത്തെ നടപ്പു അനുസരിച്ചു വിപരീതമായിരിക്കുന്നു എന്നാണു കാണുന്നതു്. അതിൽ ചില കാര്യങ്ങൾകൂടി ഉൾപ്പെടേണ്ടിയിരിക്കുന്നു. മോട്ടാർ വാഹനങ്ങൾ വർദ്ധിച്ചിരിക്കുന്ന ഈ കാലത്തു മോട്ടാറിൽ കയറിയാൽ ജാതിഭ്രഷ്ടു് വന്നുപോകുമെന്നു വച്ചിരുന്നാൽ—ഇപ്പോഴത്തെ ചെറുപ്പക്കാരായ സ്ത്രീയോ പുരുഷനോ വല്ല കാറിലോ ബസ്സിലോ കയറി അവർക്കു ജാതിഭ്രഷ്ടു് കല്പിച്ചു കൈ കൊട്ടിപുറത്താക്കുകയാണെങ്കിൽ അങ്ങിനെ പുറത്താക്കപ്പെടുന്ന സ്ത്രീക്കോ പുരുഷനോ ആഹാരത്തിനും മറ്റു ചിലവുകൾക്കും വേണ്ടി ഒരു പ്രൊവിഷൻ ഉണ്ടാക്കേണ്ട ചുമതല നമുക്കുണ്ടു്.

MR. R. KESAVA PILLAI (*Kottarakara* cum *Kunnattur*): ഈ വിധത്തിൽ ജാതിഭ്രഷ്ടു് വന്നിട്ടുള്ളവർ ഉണ്ടോ?

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): ഉണ്ടു്.

MR. R. KESAVA PILLAI (*Kottarakara* cum *Kunnattur*): ഇൻസ്റ്റൻസ്സു് പറയാമോ?

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): പറയാം. ഡോമിസൈൽ എന്ന വാക്കിനെ സംബന്ധിച്ചിടത്തോളം ഈ

LIBRARY ARCHIVES Kerala Legislative Assembly

മാതിരിയിൽ വേണം അത്ഥമാക്കാൻ. അതായത് തിരുവിതാംക്കുറിനകത്തു് താമസിക്കുന്നവക്കു മാത്രമേ അതു ബാധിക്കുന്നുള്ളു. ഇവിടെനിന്നും അന്യസ്ഥലങ്ങളിലേക്കു കല്യാണം കഴിച്ചു അയക്കുന്നവക്കും, അന്യസ്ഥലങ്ങളിൽനിന്നു കല്യാണം കഴിച്ചു ഇവിടെ കൊണ്ടുവരുന്നവക്കും പ്രത്യേകമായ വ്യവസ്ഥകളൊന്നും കാണുന്നില്ല.

PRESIDENT: 'Domiciled' is an expression that has a technical meaning. It does not merely mean living here.

MR. T. C. KESAVA PILLAI (*Kalkulam cum Vilavankod*): അതു് വിവരണത്തിൽ കാണുന്നില്ല. ഈ മാതിരി ചില്ലറ കുഴപ്പങ്ങൾ കാണുന്നതുകൊണ്ടു് നല്ലപോലെ ആലോചിച്ചു് പ്രവൃത്തിക്കേണ്ടതാണു്. ഭാഗവ്യവസ്ഥയെ സംബന്ധിച്ചും ചില പ്രത്യേകവ്യവസ്ഥകൾ വേണം. കല്യാണത്തിനെ സംബന്ധിച്ചിടത്തോളം പ്രധാനമായി കരുതേണ്ടതാണു്. അതിൽ വയസ്സിന്റെ കൂടുതൽ കുറവു വ്യവസ്ഥപ്പെടുത്തണം. ഈ മാതിരി ഉള്ള സംഗതികളെ സംബന്ധിച്ചു് അതിനെ തീക്കുത്തക്കവണ്ണം ഈ കൌൺസിലിൽ നിന്നു വ്യവസ്ഥ ചെയ്യണം. ഇതിനെ തിരുത്തുന്നതിനു് ഈ കൌൺസിലിനുതന്നെ അധികാരം ഉണ്ടെന്നു തോന്നുന്നില്ല. അതിലേക്കു പ്രസിഡൻറു അവർകൾ സ്പെഷ്യലായി അനുവാദം കൊടുത്തു് ആ കുറവുകളെ പരിഹരിക്കണം. തിരുവിതാംക്കുറിലെ നമ്പൂതിരിമാരുടെ കാര്യം, വസ്തുക്കളെ സംബന്ധിച്ചും ജന്മികുടിയാൻ ഏർപ്പാടിനെ സംബന്ധിച്ചും മറു ജാതിക്കാരോടുകൂടി ഇടപെട്ടിരിക്കുന്നതുകൊണ്ടു് അവരുടെ മേൽഗതിയേയും ന്യായമായ അവകാശങ്ങളേയും നല്ലവണ്ണം ആലോചിച്ചു തീർച്ച ചെയ്യേണ്ടിയിരിക്കുന്നു, അതിനാൽ ഈ ബില്ലിനെ ഒന്നുകൂടി സിലക്ട് കമ്മിറ്റിക്കു് അയക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*): നംപൂതിരി ബില്ലിനെ വീണ്ടും സിലക്ട് കമ്മിറ്റിക്കു് അയക്കണമെന്നുള്ള അഭിപ്രായത്തോടു ഞാൻ യോജിക്കുന്നു. മതത്തിൽ ഉന്നി നിൽക്കുന്ന എതൃയും പുരാതനമായ ആചാരങ്ങളും അവകാശസമ്പ്രദായങ്ങളും ഉള്ള ആ സമുദായത്തിന്റെ ഭാവിയെ സാരമായി ബാധിക്കുന്ന ഒരു നിയമത്തെ വേണ്ടിടത്തോളം ഗാഢമായാലോചിച്ചു് ആ സമുദായത്തിലുള്ള രണ്ടുകക്ഷിക്കാക്കും അതായതു് യാഥാസ്ഥിതികന്മാക്കും ഉല്പതിഷ്ണുക്കൾക്കും പാടുള്ളിടത്തോളം തൃപ്തികരമായ രീതിയിൽ നിർമ്മിക്കേണ്ടതു് ആവശ്യമാണു്. മറു സമുദായങ്ങളെ അപേക്ഷിച്ചു് നംപൂതിരി സമുദായത്തിൽ യാഥാസ്ഥിതികന്മാർ ക്രൂരതരാണെന്നു പ്രസിദ്ധമാണു്. അങ്ങിനെ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Tariatu Kunjitomman.]

ഇരിക്കുന്ന ഒരു സമുദായത്തിനെ സംബന്ധിച്ച് ഭേദഗതിയിൽ എന്തെങ്കിലും ചെയ്യുക അവരുടെ ഇടയിൽ കലഹവും കുഴപ്പവും വർദ്ധിപ്പിക്കുന്നതു് ബുദ്ധിപൂർവ്വകമല്ല. ഈ കൌൺസിലിൽ തന്നെ നംപൂതിരി സമുദായത്തിലെ അംഗങ്ങൾ വളരെ കുറവാണു്. അതുകൊണ്ടു് മറ്റുള്ള സമുദായാംഗങ്ങൾക്കു് അവരുടെകാര്യം തീരെ അറിഞ്ഞു കൂടെന്നോ അവരുടെ അഭിവൃദ്ധിയിൽ ശ്രദ്ധയില്ലന്നോ പറയുന്നില്ല.

MR. P. S. MAHOMED (*Nominated*): ഇങ്ങനെ ഭേദഗതിയിൽ ചെയ്താലുള്ള ദോഷമെന്താണു്?

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*): ചോദ്യങ്ങൾക്കെല്ലാം ഒടുവിൽ മറുപടി പറയാം. നംപൂതിരിമാരുടെ ഇടയിൽതന്നെ അവരെ സംബന്ധിച്ചു് ഒരു നിയമം ഉണ്ടാക്കുന്നതിനെ പറ്റിയില്ലാത്തവർ പലരുമുണ്ടു്. എന്റെ നിയോജകമണ്ഡലത്തിലെ ചില നംപൂതിരിമാർ പുതിയ നിയമങ്ങളൊന്നും ആവശ്യമില്ലാ എന്നുപറയുന്നുണ്ടു്. പണ്ടത്തെ ഋഷിവര്യന്മാരാൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള വ്യവസ്ഥകളിലും ആചാരസമ്പ്രദായങ്ങളിലും ഭേദഗതി വരുത്തുന്നതു് സമുദായത്തിനു് ആപൽക്കരമാണെന്നാണു് അവർ പറയുന്നതു്. ഇവരുടെ ആചാരങ്ങളും അനുഷ്ഠാനങ്ങളും അവകാശക്രമവും മതം സംബന്ധിച്ചായിട്ടാണിരിക്കുന്നതു്. ചെറുപ്പക്കാർ മിക്കവാറും നിയമം വേണമെന്ന പക്ഷക്കാരാണു്. എന്നാൽ നിയമം ഇന്ന വിധം വേണമെന്ന കാര്യത്തിലും ഭിന്നപക്ഷക്കാരുണ്ടു്. കാലസ്ഥിതി അനുസരിച്ചു് മറ്റു സമുദായങ്ങൾക്കൊപ്പം നിയമം ഉണ്ടാക്കി സമുദായത്തെ അഭിവൃദ്ധിപ്പെടുത്തിക്കൊണ്ടിരിക്കുന്ന പഴയ മാമൂലുകളെ ഇല്ലാതാക്കേണ്ടതത്യാവശ്യമാണെന്നു പറയുന്നവരുണ്ടു്. ഇപ്പോഴത്തെ നിയമത്തെ ഒരു കമ്മിറ്റിക്കു വീണ്ടും അയക്കണം എന്നു പറയുന്നതു് ഈ രണ്ടു പക്ഷക്കാർക്കും അനുകൂലമായ ഒരു രീതിയിൽ രൂപപ്പെടുത്തുന്നതിനാണെന്നും ഭേദഗതി ഇന്നവിഷയങ്ങളിലെല്ലാമാണു് വേണ്ടതെന്നും കാരണങ്ങൾ വിവരിച്ചു നംപൂതിരി മെംബർ അവശ്യപ്പെടുന്നു. അതനുസരിച്ചു് ചെയ്യുന്നതു കൊണ്ടു് കൂടുതൽ ഗുണത്തിനല്ലാതെ ദോഷത്തിനു വഴിയില്ല. കാലതാമസം കൂടാതെ, അതായതു് അടുത്ത യോഗത്തിൽ തന്നെ ഭേദഗതി ചെയ്തു കൊണ്ടു വന്നു് ഇതിനെ പാസ്സാക്കാൻ കഴിയുന്നതാണു്. പ്രത്യേകതരത്തിലുള്ള ആചാരങ്ങളും പുരാതന സമ്പ്രദായങ്ങളും നിലനിറുത്തി വരുന്ന ഈ സമുദായം മറ്റു സമുദായങ്ങളെക്കാൾ വ്യത്യസ്തപ്പെട്ട നിലയിലാണു് ഇരിക്കുന്നതു്. അ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങനെയുള്ള സമുദായത്തിന്റെ നടപടികളിൽ കൈ വയ്ക്കുന്നതു സൂക്ഷിച്ചവേണം. അടിക്കടി ഭേദഗതി വരുത്തിക്കൊണ്ടിരിക്കുന്ന വ്യവസ്ഥകളോടു കൂടിയ സമുദായമല്ലാ ഇതു്. അവകാശക്രമങ്ങളും മതസംബന്ധമായും കൂടിയാണു്. അതിനാൽ ഗാഢമായ വിചിന്തനം അഹിക്കുന്ന ശ്രദ്ധാപൂർവം പ്രവർത്തിക്കാത്തപക്ഷം ദുർഗതിയാൽ അപത്തുണ്ടായേക്കാൻ എളുപ്പമുണ്ടു്. സമുദായത്തിൽ പല കുഴപ്പങ്ങളും ഉണ്ടാകാം. അപ്പോഴാം ഗുണത്തിനുപകരം ദോഷമാകും ഫലം. ഒരു സമുദായത്തിലുള്ള കലഹങ്ങളേയും കുഴപ്പങ്ങളേയും തീർക്കാനാണു് ഒരു നിയമം വേണം എന്നു് അവശ്യപ്പെടുന്നതു്. അല്ലാതെ അവയെ വർദ്ധിപ്പിക്കാനല്ല. അതിനാൽ ഈ ബില്ലിനെ വീണ്ടും ഒരു കമ്മിറ്റിക്കയച്ചു് വേണ്ട ഭേദഗതി ചെയ്തു് അടുത്ത കൌൺസിൽ യോഗത്തിൽ കൊണ്ടു വന്നു പാസ്സാക്കുന്നതിനു തക്കവണ്ണം കമ്മറ്റിക്കാർക്കു് ഒന്നു കൂടി അയക്കണമെന്നുള്ള അഭിപ്രായത്തെ ഞാൻ പിൻതാങ്ങുന്നു.

MR. V. S. KRISHNA PILLAI (*Tiruvalla*): ഈ ബില്ലിനെസിലക്ററ് കമ്മിറ്റിക്കു് അയക്കണമെന്നുള്ള അഭിപ്രായത്തോടു് ഞാൻ യോജിക്കുന്നില്ല. ഒന്നാമതായി ഈ നിയമത്തിലുള്ള തത്വത്തെ നല്ലവണ്ണം പര്യാലോചിച്ചല്ലാതെ ഇങ്ങനെയുള്ള ഭൂമതലപ്പെട്ടസ്ഥാനങ്ങളിൽ നിന്നും ഒരു സിലക്ററ് കമ്മിറ്റി തൃപ്തികരമായിട്ടില്ലെന്നും വീണ്ടും ഒരു സിലക്ററ്കമ്മിറ്റി രൂപീകരിച്ചു് വീണ്ടും ആലോചന നടത്തി റിപ്പോർട്ടചെയ്യാൻ ഭൂമതലപ്പെട്ടതണമെന്നും പറയുന്നതിൽ അർത്ഥമില്ല.

MR. K. MADHAVAN PILLAI (*Trivandrum cum Neduvangad*): സിലക്ട് കമ്മിറ്റിയൊ അതല്ല നംപൂതിരി സമുദായത്തിലെ അംഗങ്ങളൊ ഏതാണു് വലുതു്?

MR. V. S. KRISHNA PILLAI (*Tiruvalla*): ഈ ബില്ലിനെസംബന്ധിച്ചിടത്തോളം സിലക്ററ് കമ്മിറ്റിയുടെ റിപ്പോർട്ടിനെ ആശ്രയിക്കേണ്ടിയിരിക്കുന്നു. അതിനാൽ നംപൂതിരി സമുദായത്തെക്കാളും കൂടുതൽ ഭൂമതല ഈ സിലക്ററ് കമ്മിറ്റിക്കാണു്.

MR. REVATINAL RAMAVARMA RAJA (*Edavagai*): അടുത്തകാലത്തു് നംപൂതിരിസമുദായം വലുതായി വരികയില്ലെ?

MR. V. S. KRISHNA PILLAI (*Tiruvalla*): അതു് അങ്ങനെയുള്ള ചോദ്യത്തിൽനിന്നും വന്നിട്ടുള്ള അഭിപ്രായമാണു്. അങ്ങിനെവരാം. പക്ഷെ തല്ക്കാലം ഇറങ്ങുന്നില്ലെന്നെയുള്ളു. അതിനാൽ ഈ സിലക്ററ് കമ്മിറ്റിറിപ്പോർട്ടുകൊണ്ടു് മേൽ നടപടി ആരംഭിക്കുന്നതു് ഉചിതമായി

LIBRARY ARCHIVES Kerala Legislative Assembly

[Mr. V. S. Krishna Pillai.]

രിക്കുമെന്ന് ഞാൻ ബലമായി അഭിപ്രായപ്പെടുന്നു. ഈ സമുദായത്തിൽ അനേകം യാഥാസ്ഥിതികന്മാരിൽ നിന്നും തെളിവുശേഖരിക്കുകയൊ അത്യാവശ്യമായ മറുകായ്ക്കുങ്ങൾ നടത്തുകയൊ ചെയ്തിട്ടില്ലെന്നും ഈ റിപ്പോർട്ട് അപൂർണ്ണമാണെന്നുംഇവിടെ ഒരുമെംബർ പ്രസ്താവിച്ചു. ആദിനു പണ്ഡിതനായ ഡിപ്യൂട്ടിപ്രസിഡൻറ് അവർകൾ അഭിപ്രായപ്പെട്ടതു പോലെധാരാളം അവസരവും പ്രാധാന്യവും കൊടുക്കുകയുണ്ടായിരുന്നു എന്നു അവർ ഒരിക്കലും വിസമ്മതിക്കുകയില്ല. ഉല്പതിഷ്ണുക്കളുടെ പരിമിതംകൊണ്ടൊ കായ്ംസാധിച്ചുകിട്ടുമെന്നുള്ള ഉത്സാഹംകൊണ്ടൊ ചില കുറവുകൾ ഉണ്ടായിട്ടുണ്ടെങ്കിൽ അവയെ തീക്കുന്നതിനു കുറെ സമയം നീട്ടികൊടുക്കണമെന്നുള്ള അഭിപ്രായത്തോട് എനിക്കു വിപരീതം ഒന്നും ഇല്ല. അങ്ങനെവരാതെ സൂക്ഷിക്കേണ്ടതു ഈ കൌൺസിലിൻെറ പ്രധാനചുമതലയാണ്. അങ്ങനെയുള്ള ന്യൂനതകൾ സംഭവിക്കാതിരിക്കുന്നതിനും യാദൃശ്ചികമായുണ്ടാകുന്നന്യൂനതകൾ പരിഹരിക്കുന്നതിനും സാധാരണയായി കിട്ടേണ്ടതായ അവകാശങ്ങൾ എല്ലാം ഈ ബില്ലുനിമിത്തം കിട്ടുമെന്നുള്ളതുകൊണ്ടും അതിന് പ്രാധാന്യമൊ അവസരമൊ കൊടുക്കണം എന്നതോന്നുന്നില്ല. ഈ സമുദായം ന്യൂനപക്ഷക്കാരും പ്രധാനസമുദായക്കാർആണെന്നുള്ളതു് പരമാർത്ഥമാണ്. ആ സ്ഥിതിക്ക് ഇങ്ങനെ ഒരു ബിൽഅവതരിപ്പിക്കയും ഇത്രത്തോളം നടപടിനടത്തുകയും ചെയ്യുന്നതിനു ഇടയായിരിക്കുന്നതിനാൽ ഇതിനെ തുടൻകൊണ്ടുപോയി സമുദായത്തിൻെറ അഭിവൃദ്ധിയെതടയാതെ ഈ നിയമത്തെപാസ്സാക്കികൊടുക്കേണ്ടതാണ്. വല്ല ചില്ലറന്യൂനതയുംഉണ്ടെങ്കിൽ അവയെ പരിഹരിക്കാൻ അവസരംകിട്ടുന്നതുമാണ്. എൻെറ ഒരു സ്നേഹിതൻപറഞ്ഞതുപോലെ ഇതിനെ വീണ്ടും ഒരു സിലക്ററ് കമ്മിറ്റിക്ക് അയക്കുന്നതു തീച്ച്യായും ഈ സമുദായത്തിനു വലിയ ഉപദ്രവമായിരിക്കുമെന്നാണ് എൻെറ അഭിപ്രായം. ഈ സമുദായത്തിൻെറ പ്രാധാന്യവും ന്യൂനപക്ഷക്കാരുടെ താൽകാലികഅവസ്ഥയും ആലോചിക്കയാണെങ്കിൽ ഈ ബില്ലിനെ വീണ്ടും ഒരു സിലക്ററ് കമ്മിറ്റിക്കു കൊടുക്കാതെ ഇപ്പോൾ നടത്തീട്ടുള്ള നടപടിയെ പൂർത്തിയാക്കി ഈ സമുദായത്തിനു ഒരു രക്ഷ നൽകുന്നതു ഏറ്റവും നന്നായിരിക്കുമെന്നാണ് എൻെറ അഭിപ്രായം. ഇതുനിമിത്തംവിവാഹംമുതലായ പ്രധാനപ്പെട്ടസംഗതികളിൽ വേണ്ടവിധം അത്യാവശ്യപ്പെട്ട വകുപ്പുകൾ ചേർത്തിട്ടില്ല എന്നുള്ള ന്യൂനതയെ അവഗണിക്കണം എന്ന് ഞാൻ പറയുന്നില്ല. അങ്ങിനെ അത്യാവ

LIBRARY ARCHIVES Kerala Legislative Assembly

ശ്യമുള്ള എല്ലാഭാഗങ്ങളേയും പറ്റി വീണ്ടും പഠിച്ചാലോചിച്ച് ബിൽ നടപ്പിൽ കൊണ്ടുവരണമെന്നാണ് എന്റെ അഭിപ്രായം. ഏതായാലും ഇതിന്റെ അഭിവൃദ്ധിയെ തടയത്തക്കവിധത്തിലുള്ള യാതൊരു നടപടിക്കും ഇടകൊടുക്കാതെ തുടർന്നുകൊണ്ടുപോകണമെന്നാണ് ഞാൻ അഭിപ്രായപ്പെടുന്നത്.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): വീണ്ടും സിലക്ററ് കമ്മിററിക്ക് അയക്കുന്നതു ദോഷം എന്നാണൊ പറയുന്നത്?

MR. V. S. KRISHNA PILLAI (*Tiruvalla*): ഈ ബില്ലിനെ അങ്ങനെ അയക്കുകയാണെങ്കിൽ ഇനി അടുത്തകാലത്തെങ്ങും നടപ്പിൽ വരാതെ ഈ സമുദായത്തിനു വീണ്ടും നഷ്ടവും ബുദ്ധിമുട്ടും അനുഭവിക്കേണ്ടിവരും എന്നുള്ളതാണ് അതുകൊണ്ടുള്ള ദോഷം.

MR. A. C. KURIAKOSE (*Minachil* cum *Devicolam*): ഈ ബില്ലിനെ സംബന്ധിച്ച് ദീർഘമായ ഒരു പ്രസംഗം ചെയ്യാനല്ലാ ഞാൻ ഉദ്ദ്യമിക്കുന്നത്. നംപൂതിരി സമുദായത്തിനു് ഈ ബിൽ നിയമപ്രാധാന്യത്തിൽ ആയിത്തീരുക എന്നുള്ളതു് വളരെ പ്രധാനമായ ഒരു കാര്യമാണ്. അവരിൽ യാഥാസ്ഥിതികന്മാർ വളരെ ഉണ്ടെന്നുള്ളതു സമ്മതിക്കാവുന്ന അവസ്ഥയാണ്. എങ്കിലും അവരുടെ ഏതൽക്കാലപ്രയത്നമുള്ള രാഷ്ട്രീയബോധത്തെപ്പററി പറയുകയാണെങ്കിൽ അതു് അലസമായ ഒരു മനസ്ഥിതിയുടെ പ്രകടന രൂപത്തിൽ മാത്രമെ പ്രകാശിതമാകുന്നുള്ളു. വളരെക്കാലം മുമ്പു മുതൽ, ഏതാനും സംഘങ്ങളും മാസികയും ഉണ്ടാക്കി അവിടവിടെ യോഗം കൂടി കഴിച്ചുകൂട്ടിവരുന്നവർ എന്ന നിലയിൽ നംപൂരിമാക്കു് ഇതിലധികം പുരോഗമനത്തിനു വകയുണ്ടായിരുന്നു. ശരിയായ പുരോഗമനം വന്നിട്ടില്ലാ എന്ന സ്പഷ്ടവുമാണ്. എന്നാൽ ഇടക്കാലത്തു ചില പരിഷ്കാരങ്ങൾ നടത്തിയതായും ഇപ്പോഴും പരിഷ്കാരോന്മുഖമായ പുരോഗമനം ചെയ്തുകൊണ്ടിരിക്കുന്നതായും എല്ലാവർക്കും അറിയാവുന്നതാണ്. അവരിൽ സമുദായപരമായി താല്പര്യമുള്ള ആളുകൾ ആലോചിച്ചു ഈ കൌൺസിലിന്റെ ശ്രദ്ധക്കായി ഒരു ബില്ലുകൊണ്ടു വന്നിരിക്കുമ്പോൾ ഈ വിഷയത്തിൽ ശ്രദ്ധിക്കാതെ ചെറുപ്പക്കാരായ കുറെപേരുടെ കൂട്ടുതൽ ഉത്സാഹം കണ്ടു കൊണ്ടു് ബിൽ വേണ്ടവിധമായ ആലോചനയും ശ്രദ്ധയും വിഷയമാക്കാൻ സമ്മതിക്കുവാൻ പാടില്ല എന്നു തീർച്ചപ്പെടുത്തുന്നു എങ്കിൽ അതു കഷ്ടമാണ്. ഈ ബില്ലിന്റെ ചരിത്രം പറയുകയാണെങ്കിൽ ഇതു ഇതിനുമുമ്പിലത്തെ കൌൺസി

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. C. Kuriakose.]

ലിന്റെ ആലോചനക്കു വന്നതാണു്. അതിനെ സിലക്ട് കമ്മിറ്റിക്കു കൊടുത്തു. അവരുടെ റിപ്പോർട്ടുവന്നു. ഇപ്പോൾ നിലവിലിരിക്കുന്ന കൌൺസിൽ ആരംഭിച്ചു് ഒരു വർഷം കഴിഞ്ഞ ശേഷം ഈ ബില്ലിനെപ്പറ്റി ആലോചിക്കണമെന്നു് നമ്പൂതിരിയായ ജന്മി പ്രതിനിധി കൌൺസിലിൽ അപേക്ഷിച്ചതനുസരിച്ചു് ബിൽ ആലോചനക്കെടുത്തു. അതിൽ പിന്നെ മകരമാസത്തിൽ നോട്ടീസ് തന്നശേഷം ആ ബിൽ ഇപ്പോഴത്തെ കൌൺസിലിൽ ആലോചനയ്ക്കു വയ്ക്കപ്പെട്ടിരിക്കുന്നുണ്ടു്. ഇതിനെ മനസ്സിലാക്കാതെ ഇവിടെയിരിക്കുന്ന ചില സ്നേഹിതന്മാർ, ഈ കാര്യത്തെ ഗാഢമായി ആലോചന നടത്തി എന്നു പറയാൻ യാതൊരു നിവൃത്തിയുമില്ല. കൌൺസിലിന്റെ ആലോചനക്കു വന്നു് സിലക്ട് കമ്മിറ്റിക്കു് അയച്ചു് പരിശോധിച്ചതു പരമാർത്ഥമാണെങ്കിലും ഇന്നത്തെ മെമ്പന്മാക്കു് ആലോചിക്കാൻ ഇടവന്നിട്ടില്ലാത്തതാണു് തല്ക്കാലത്തേക്കു ഒരു ന്യൂനതയായി കാണുന്നതു്. ഇതു പെട്ടെന്നു വന്നതുകൊണ്ടു്, ഒന്നു മാറ്റി വയ്ക്കണമെന്നു് എന്റെ ഒരു സ്നേഹിതൻ ഇവിടെ അഭിപ്രായം പറഞ്ഞു. അതിൻപ്രകാരം ഒന്നുകൂടി ആലോചിച്ചു ബിൽ നംപൂതിരിസമുദായത്തിനു കൂടുതൽ ഉപകാരപ്രദമാക്കി തീർക്കാവുന്നതാണു്. നംപൂതിരി സമുദായത്തെ സ്നേഹിക്കുന്നതു കൊണ്ടാണു് ഇതിനു കുറെക്കൂടി സമയം അനുവദിക്കണമെന്നു ഞാൻ പറയുന്നതു്. അതുകൊണ്ടു ഇതിനെ വീണ്ടും ഒരു കമ്മറ്റിയുടെ ആലോചനക്കു് അയക്കുകയും നാനാമുഖങ്ങളായ അഭിപ്രായങ്ങൾക്കു മെമ്പന്മാക്കു കൂടുതൽ സന്ദർഭം ഉണ്ടാക്കി മൂന്നോ നാലോ മാസത്തിനകം ഈ കൌൺസിലിന്റെ ശ്രദ്ധക്കുവീണ്ടും വിഷയമാക്കുകയും ചെയ്യേണമെന്നുള്ള അഭിപ്രായത്തെ ഞാനും പിൻതാങ്ങുന്നു.

MR. A. THANU PILLAI (*Trivandrum*): We wish to hear the views of the Law Member in the matter.

PRESIDENT: Does the Law Member wish to speak?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): This being a purely social matter, Government are taking a very impartial attitude. I may even say that the Government are not taking any view at all just at present. If the House is inclined to recommit the Bill to a Select Committee the Government have no objection; on the other hand if the House is inclined to consider the Bill just at present then also Government are quite agreeable.

MR. A. THANU PILLAI (*Trivandrum*): Does the Law Member realise that the members belonging to communities other than the Malayala Brahmin community do not stand in a more advantageous position so far as this matter is concerned?

LIBRARY ARCHIVES Kerala Legislative Assembly

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): The Bill is not a Government Bill and I believe members on the other side have as much responsibility in this matter as the Government.

MR. A. THANU PILLAI (*Trivandrum*): Will not the Government members vote?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): They will vote just as they please.

MR. NARAYANAN NAMPUTIRIPAD JATAVEDANNAMPUTIRIPAD (*Co-opted*): സർ, തിരുവിതാംക്കൂർ ഒട്ടുക്കു് നംപൂതിരിമാർ പന്തീരായിരം ഉണ്ടു്. അതിൽ പത്തു സാക്ഷികളെ മാത്രമെ സിലക്ട് കമ്മിറ്റിയിൽ നിന്നും വിസ്തരിച്ചിട്ടുള്ളു. അതു തിരുവനന്തപുരത്തും ചെങ്ങന്നൂരും മാത്രമാണു് വിസ്തരിച്ചിരിക്കുന്നതു്. വടക്കൻ തിരുവിതാംക്കൂറിൽ വലിയ പ്രഭക്കന്മാരായ നംപൂതിരിമാർ ധാരാളംഉണ്ടു്. അങ്ങോട്ടെങ്ങും അവരുടെ കാറുപോലും അടിച്ചിട്ടില്ല. ആ സ്ഥിതിക്കു് കമ്മറ്റിയിൽനിന്നും നടത്തിയതു് എത്രത്തോളം ഭംഗിയായിരിക്കുമെന്നു ഊഹിക്കാവുന്നതാണു്. ഇത്ര വലുതായ ഒരു സമുദായത്തിനെപ്പറ്റി ഒരു ബിൽകൊണ്ടു വരുമ്പോൾ ഇത്ര ലഘുവായി അതിനെപ്പറ്റി വിസ്താരം നടത്തിയാൽ മതിയാകുന്നതല്ല. കൊച്ചീ നിയമസഭയിൽ ഈ ബില്ലു ഭൂരിപക്ഷപ്രകാരം അനുവദിച്ച കിടപ്പുണ്ടു്. അതിൽ കമ്മിറ്റിക്കാർ എങ്ങിനെ വിസ്താരം നടത്തിയിട്ടുണ്ടെന്നു് അവിടത്തെ റിക്കാഡ് നോക്കിയാൽ ശരിയായി അറിയാവുന്നതാണു്. ആ റിക്കാഡുകഠം ഞാൻ കൊണ്ടുവന്നിട്ടുണ്ടു്. അതുകൊണ്ടു് ഈ ബില്ലിനെ ഒരിക്കൽ കൂടി സിലക്ട് കമ്മിറ്റിക്കു് അയക്കണം.

MR. REVATI NAL RAMA VARMA RAJA (*Edavagai*): ഈ ബില്ലിനെ ഗസറ്റിൽ പബ്ലിഷ് ചെയ്തിരുന്നതായി അറിയാമോ?

MR. NARAYANAN NAMPUTIRIPAD JATAVEDAN NAMPUTIRIPAD (*Co-opted*): അങ്ങിനെ ചെയ്തിട്ടുണ്ടു്. അതു് ഒരു സാധാരണ നടപടിയാണു്. കമ്മിറ്റിക്കാർ വേണ്ടുവോളം സാക്ഷികളെ വിസ്തരിക്കാൻ കഴിഞ്ഞില്ലെങ്കിൽ ചോദ്യക്കടലാസുകഠം അയച്ചു് ഓരോരുത്തരുടേയും മറുപടികഠം വരുത്താം. അങ്ങിനെയും ചെയ്തിട്ടില്ല.

MR. REVATI NAL RAMA VARMA RAJA (*Edavagai*): അങ്ങിനെ ചെയ്യണമെന്നു് ആരെങ്കിലും ആവശ്യപ്പെട്ടിട്ടുണ്ടൊ?

MR. NARAYANAN NAMPUTIRIPADJATAVEDAN NAMPUTIRIPAD (*Co-opted*): അങ്ങിനെ ആവശ്യപ്പെടണമെന്നില്ല. പൊതുവെ ഒരു സമുദായത്തെ സംബന്ധിക്കുന്നകാര്യമായതുകൊണ്ടു് അങ്ങിനെ കമ്മിറ്റിക്കാർ തന്നെ ചെയ്യേണ്ടതാണു്.

LIBRARY ARCHIVES Kerala Legislative Assembly

MR. K. MADHAVAN PILLAI (*Trivandrum cum Neduvangad*): ഈ ബില്ലിൽ പുതുതായി ചില വകുപ്പുകൾ ചേർക്കേണ്ടതു് അത്യാവശ്യമാണൊ?

MR. NARAYANAN NAMPUTIRIPAD JATAVEDAN NAMPUTIRIPAD (*Co-opted*): അതു് അത്യാവശ്യമാണു്.

MR. P. S. MAHOMED (*Nominated*): അതിനു ഈ ബിൽ സിലക്ട് കമ്മറിയിൽ വീണ്ടും പോയാൽ സാധിക്കുന്നതാണൊ?

MR. NARAYANAN NAMPUTIRIPAD JATAVEDAN NAMPUTIRIPAD (*Co-opted*): അതു് ഇപ്പോൾ ആലോചിച്ചിട്ടു് ആവശ്യമില്ല. ചേർക്കാമൊ എന്നു നോക്കേണ്ടതാണു്.

MR. K. MADHAVAN PILLAI (*Trivandrum cum Neduvangad*): പുതിയ സിലക്ട് കമ്മറിയിൽ സാധിക്കുമൊ എന്നു നോക്കാമെല്ലൊ?

MR. NARAYANAN NAMPUTIRIPAD JATAVEDAN NAMPUTIRIPAD (*Co-opted*): നോക്കാം.

MR. K. N. KESAVAN NAMPUTIRIPAD (*Jeemies*): I also like to say a few words. I am very glad to note that so many members—

MR. K. P. NILAKANTA PILLAI (*Chirayinkil*): I rise to a point of order whether the member is in order in speaking after the mover has replied.

PRESIDENT: I allow him specially to speak.

MR. K. N. KESAVAN NAMPUTIRIPAD (*Jeemies*): I am very glad to note that so many members have shown interest in the welfare of the Namputiri community. But I am surprised at the attitude taken up by some of them. Even though they are actuated by the noblest motives, I fear that it may stand in the way of progress of the community; because, if this Bill is again referred to a Select Committee, I do not think it would be possible to pass it into law within the short period before us. This was the fate of the Bill last time also.

The reasons advanced by many of the members are that the provisions in the Bill are inadequate and do not satisfy the demands of the society. I also admit it. Whatever may be the defects of the present Bill, they may be amended by subsequent amending Bills. Many of the members have stated that more drastic measures are needed to suit the demands of the society. The more drastic they are, the keener will be the opposition from the Conservative section of the community. That also is a factor which will have to be taken into consideration.

The present Bill has been framed by some of the ablest and most competent members after paying due attention and care to the various aspects of the question. I fear that if it is again referred to a Select Committee long delay may be caused. Therefore, I request the members to vote for the Bill being considered.

MR. REVATI NAL RAMAVARMA RAJA (*Edavagai*): ബില്ലിൽ അടങ്ങിയതതിലധികം അധികമായി പോയിഎന്നു് ആരുംപറയുന്നില്ലല്ലൊ?

LIBRARY ARCHIVES Kerala Legislative Assembly

ഈ ബിൽകൊണ്ട് ദോഷമുണ്ടാകുമെന്നു ആരെങ്കിലുംവിശ്വസിക്കുന്നുണ്ടോ?

MR. K. N. KESAVAN NAMPUTIRIPAD (*Jennies*): ഇല്ല.

I request the members to see that the Bill is passed into Law as soon as possible.

MR. N. K. KRISHNA PILLAI (*Neyyattinkara*): May I ask the member whether he is positive that on a recommittal of the Bill to a Select Committee, absolutely no improvement can be made upon the present Bill?

MR. K. N. KESAVAN NAMPUTIRIPAD (*Jennies*): It may be possible to make improvements; but those improvements can be made by amendments also in course of time.

MR. N. K. KRISHNA PILLAI (*Neyyattinkara*): That means bringing in another amending Bill afterwards.

PRESIDENT: I now put the motion of Mr. Jatavedan Namputiripad to the vote of this House. The question is that the Namputiri Bill submitted to the Council as revised by the Select Committee be referred again to another Select Committee.

The motion was lost, 13 members voting for and 20 against.

MR. A. C. KURIAKOSE (*Minachil* cum *Devicolam*): I demand a poll.

MR. R. KESAVA PILLAI (*Kottarakara* cum *Kunnattur*): I also demand a poll.

A poll was taken with the following results:—

AYES—13.

1	Mr. Narayanan Namputiripad Jatavedan Namputiripad	7	Mr. K. Padmanabha Panikkar
2	,, V. Chellam Pillai	8	,, Mahomed Rowther
3	,, V. J. Oommen	9	,, Tariatu Kunjitomman
4	,, K. P. Nilakanta Pillai	10	,, A. C. Kuriakose
5	,, Matthew Murikkan	11	,, K. Madhavan
6	,, Muruvelil Pachu Pillai	12	,, K. Madhavan Pillai
		13	,, R. Raman Pillai

NOES—20.

1	Mr. K. N. Kesavan Namputiripad	3	Mr. D. C. Joseph
2	,, C. N. Tuppan Namputiripad	4	,, A. S. Damodaran Asan

(Mr. V. S. Krishna Pillai just entered when the poll was being taken. Dr. Madhavan Pillai said that Mr. V. S. Krishna Pillai was not present when the voting was done. Mr. V. S. Krishna Pillai then stated that he has expressed his views before and sat down).

LIBRARY ARCHIVES Kerala Legislative Assembly

[Mr. R. Kesava Pillai.]

The poll was then resumed.

5	Mr. D. Francis	13	Rao Bahadur K. A. Krishna Aiyangar
6	,, A. G. Menon	14	Mr. P. N. Krishna Pillai
7	,, R. Kesava Pillai	15	,, S. Venkataramana Aiyar
8	,, S. Piraviperumal Pillai	16	,, K. George
9	,, P. S. Mahomed	17	,, T. P. Ramasubba Aiyar
10	,, L. R. Raja Raja Varma Koil Tampuran	18	,, R. Vaidyalingom Pillai
11	,, Revati Nal Rama Varma Raja	19	,, I. C. Chacko
12	,, A. Thanu Pillai	20	,, R. Dhanukoti Pillai

NEUTRALS—12.

1	Mr. Ittoop Itteechan	7	Mr. P. Gomatinayakam Pillai
2	,, Tamarapallil Kochu-tomman	8	,, S. C. H. Robinson
3	,, N. K. Krishna Pillai	9	,, L. A. Bishop
4	,, G. P. Nilakanta Pillai	10	,, A. Vipan
5	,, Kayalam Paramesvaran Pillai	11	Rao Bahadur K. V. Ranga-swami Aiyangar
6	Dr. K. Raman Tampi	12	Rao Sahib Dr. N. Kunjan Pillai

PRESIDENT: The result of the poll is:

13 for recommittal,
20 against, and
12 Neutral.

The motion was lost.

PRESIDENT: I now put to the House the original motion of Mr. K. N. Kesavan Namputiripad that the Namputiri Bill as revised by the Select Committee be taken up for consideration now.

MR. K. P. NILAKANTA PILLAI (*Chirayinkil*): Sir, I move under Standing Order No. 26 that the Council pass to the business next in order in the Statement of Business.

PRESIDENT: You are out of order now. This motion has been discussed. If you wanted to move for an adjournment of the business you should have done it before I put the motion. You are out of order in moving for the adjournment after I have put the motion to the House.

MR. K. P. NILAKANTA PILLAI (*Chirayinkil*): Am I allowed, Sir, to reply?

PRESIDENT: I have ruled already that it is out of order.

A vote was then taken on Mr. Kesavan Namputiripad's original motion. The motion was carried 22 voting for and none against.

Clause 1.

PRESIDENT: I place Clause 1 of the Bill before the House.

LIBRARY ARCHIVES Kerala Legislative Assembly

MR. R. KESAVA PILLAI (*Kottarakara* cum *Kunnattur*): I do not move my amendment.

The following amendment was withdrawn.

"MR. R. KESAVA PILLAI:

Sub-clause (2); *Add after the word "Travancore" "and to such Malayala Brahmins so domiciled and non-Malayala Brahmins, whether so domiciled or not, as have, or shall have, marital relations with Malayala Brahmins domiciled in Travancore."*

PRESIDENT: The question is that Clause 1 do stand part of the Bill.

The motion was carried.

Clause 2.

MR. A. G. MENON (*Parur*): I do not move my amendment.

The following amendment was not moved.

"MR. A. G. MENON:

Sub-clause (3); *Explanation—Delete the last word "marriage."*

MR. R. KESAVA PILLAI (*Kottarakara* cum *Kunnattur*): I move the following amendment.

Sub-clause (4): Substitute "any member" for "all members".

The word "*Anantharavan*" is a singular number and "all members" will therefore have to be changed into "any member." I think that is what is given in the Nayar Regulation. For that reason I would submit that the amendment should be accepted.

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*): I accept the amendment.

PRESIDENT: May I take it that the amendment is passed?

The amendment was passed.

MR. R. KESAVA PILLAI (*Kottarakara* cum *Kunnattur*): I move that the whole of sub-clause (7) be deleted. The word "*Grahasta*" is here defined as 'any male member of an Illom who has married a wife from his own community.' That is not the interpretation given in the Sastras, our sacred texts. It is nowhere said that a Brahmin marrying a wife from another community is not a "*Grahasta*". The present definition is a very restricted interpretation given to the word '*Graharta*". For that reason I move that the whole Clause be deleted.

MR. A. G. MENON (*Parur*): May I point out that this word occurs only in Clause (12). There is no use considering this before Clause 12 is considered. If Clause (12) goes, then this Clause also must naturally go. But if this motion is carried it is not altogether necessary that the amendment to Clause 12 should go. So, it is better to consider the amendment after Clause 12 is considered.

LIBRARY ARCHIVES Kerala Legislative Assembly

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*) : സർ, ഗൃഹസ്ഥൻ എന്നുള്ള വാക്കിനെ എടുത്തു ഭേദഗതിചെയ്യണമെന്നും അതു് ബില്ലിൽ ആവശ്യമില്ലെന്നും ഉള്ള ഭേദഗതിയെ ഞാൻ പ്രതിക്ഷേപിക്കുന്നു. ഗൃഹസ്ഥൻ എന്നുള്ള വാക്കിനു സാധാരണയായി ആളുകൾ ധരിച്ചിരിക്കുന്ന അർത്ഥം വലിയ ധനവാൻ എന്നാണു്. എന്നാൽ അതല്ല അതിന്റെ അർത്ഥം. നംപൂതിരിസമുദായത്തെ സംബന്ധിച്ചിടത്തോളം ആ വാക്കിന്റെ താല്പര്യം വൈദികങ്ങളായ ആചാരങ്ങൾ നടത്തേണ്ട ഒരാൾ എന്നാണു്. ഒരാൾ സ്വജാതീയമായ ഒരു വിവാഹം നടത്തുമ്പോൾ അതിനു വൈദികങ്ങളായ പല കർമ്മങ്ങളും ആചാരങ്ങളും നടത്തേണ്ടതുണ്ടു്. വേറെ നിലയിൽ നടത്തുന്നതുകൊണ്ടു് എനിക്കു വിരോധമില്ല എങ്കിലും ഇങ്ങിനെ ഒരു ആചാരം ഇരിക്കുന്നിടത്തോളം കാലം വൈദീകാചാരങ്ങൾ വിവാഹാദികർമ്മങ്ങളിൽ നടത്താതിരിക്കുവാൻ പാടില്ല. അതുകൊണ്ടു് ഗൃഹസ്ഥൻ എന്നുള്ള വാക്കു് വിട്ടുകളയുന്നതു് നന്നായിരിക്കുമെന്നു തോന്നുന്നില്ല. ഓരോ സമുദായത്തിലുമുള്ള ആചാരങ്ങൾ ഇന്നതെല്ലാമെന്നു് എല്ലാവർക്കും അങ്ങോട്ടും ഇങ്ങോട്ടും അറിയാം. ഓരോ സമുദായത്തിലും ശ്രുതമായിട്ടുള്ളതും പരസ്യമല്ലാത്തതുമായ അനേകം നടപടികൾ ഉണ്ടു്. അതു് അതാതു സമുദായങ്ങൾക്കു മാത്രമേ അറിയാൻ പാടുള്ളു. അതു് വൈദീകാചാരങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ളതാണു്. അതുപോലെയുള്ളതാണു് ഈ ഗൃഹസ്ഥൻ എന്നുള്ള വാക്കും.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*) : വിവാഹം കഴിച്ചു് വൈദീകകർമ്മം പ്രവർത്തിക്കുന്ന ആളിനുമാത്രമേ ഗൃഹസ്ഥൻ എന്നുള്ള വാക്കു് ഉപയോഗിക്കുകയുള്ളൂ? വൈദികകർമ്മം അനുഷ്ഠിക്കുന്നവരിൽ വിവാഹം കഴിക്കാത്തവരും കാണുകയില്ലേ?

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*) : വൈദികകർമ്മം ആരു് അനുഷ്ഠിക്കുന്നുവോ അവൻ ഗൃഹസ്ഥനാണു്. വിവാഹംകഴിഞ്ഞാൽ ചില കർമ്മം ചെയ്യുകയും ചില കർമ്മം ചെയ്യാതിരിക്കുകയും ചെയ്യാൻ പാടില്ല. എല്ലാകർമ്മങ്ങളും ചെയ്യാൻ അവൻ നിർബന്ധിതനാണു്.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*) : ഒരു കർമ്മവും ചെയ്യാത്ത ആളിനു ഗൃഹസ്ഥൻ എന്നുള്ള വാക്കിനു് അവകാശം സിദ്ധിക്കുന്നുണ്ടോ?

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*) : വിവാഹം ചെയ്യുന്ന ആളാണെങ്കിൽ ഗൃഹസ്ഥകർമ്മം അനുഷ്ഠിക്കാതെ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. K. MADHAVAN PILLAI (*Trivandrum* cum *Neduvangad*) : വൈദീകാചാരങ്ങളെപ്പറ്റി ബില്ലിൽ എന്തെങ്കിലും പറഞ്ഞിട്ടുണ്ടോ?

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*) : ഒന്നുംപറഞ്ഞിട്ടില്ല. ഗൃഹസ്ഥൻ എന്നുള്ളവാക്ക് ഈ അർത്ഥത്തിലാണ് സൂചിപ്പിച്ചിരിക്കുന്നത്. ആ അഭിപ്രായത്തെയാണ് ഞാൻ ഇവിടെ പറഞ്ഞത്.

MR. R. KESAVA PILLAI (*Kottarakara* cum *Kannattur*) : വൈദീകാചാരവും മാമൂലും അനുഷ്ഠിക്കുന്നതിനു ഗൃഹസ്ഥനേ പാടൊള്ളുവൊ?

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*) : വിവാഹസംബന്ധമായി ഗൃഹസ്ഥനാണ് വച്ചിട്ടുള്ളത്. അനേകകമ്മങ്ങളുണ്ട്. അത് വിവാഹം കഴിക്കാത്തവനുംഉപ്പെട്ടുന്നതാണ്.

MR. R. KESAVA PILLAI (*Kottarakara* cum *Kunattur*) : വിജാതിയവിവാഹത്തിനു വൈദീകകമ്മങ്ങളും അനുഷ്ഠിക്കാൻ പാടില്ലേ?

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*) : അതിലുംഉണ്ട്. പക്ഷെ അങ്ങിനെ കാണുന്നില്ല. അങ്ങിനെ ചെയ്യുന്നതുകൊണ്ടും വിരോധമില്ല. സജാതീയവിവാഹങ്ങളിൽ ആചാരപ്രകാരം നടന്നുവരുന്നതായികാണുന്നു. അതുകൊണ്ട് അതിനെ അനുകൂലിച്ചുപറയുകയാണ്.

PRESIDENT : Mr. Namputiripad, it seems to me to be quite an unnecessary discussion. ഈ ബില്ലിന്റെ ക്ലാസ്സിൽ വൈദീകകമ്മങ്ങളെപ്പറ്റി യാതൊന്നും പറഞ്ഞിട്ടില്ലാത്തതുകൊണ്ട് അതിനെപ്പറ്റി വാദപ്രതിവാദം നടത്തേണ്ട ആവശ്യമില്ല. അതുകൊണ്ട് അതിനെ ഇനി തുടരേണ്ട.

(ഈ അവസരത്തിൽ മെംബർ സംസാരിക്കാതെ ഇരിക്കുന്നതു കണ്ടിട്ട് പ്രസിഡണ്ട് വീണ്ടും പറഞ്ഞു.)

PRESIDENT : ഈ ക്ലാസ് വേണ്ടന്നല്ല പറഞ്ഞത്. ഗൃഹസ്ഥധർമ്മത്തേയും വൈദീകാചാരത്തേയുംപറ്റി ഇതിൽ പറഞ്ഞിട്ടില്ലാത്തതിനാൽ അതിനെ തുടരേണ്ട എന്നാണ് പറഞ്ഞത്.

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*) : ഗൃഹസ്ഥനെന്നുള്ള വാക്ക് ഈ ഉദ്ദേശത്തോടുകൂടിയാണ് ചേർത്തിരിക്കുന്നത്. അതിനെ എടുത്തുകളഞ്ഞതുകൊണ്ടു വലുതായ ഗുണം വരാനില്ല. ദോഷമുണ്ടൊ എന്നു നോക്കിയാൽ അതു അത്രതോന്നുന്നില്ലെങ്കിലും പിന്നീടു വരാൻ ഇടയുണ്ട്. അതിനെ എടുത്തുകളയുന്നതുകൊണ്ട് ഒരു സമുദായത്തിനു ഗുണമുണ്ടെങ്കിൽ തരക്കേടില്ല. അതിരിക്കുന്നതുകൊണ്ട് ദോഷമില്ല.

LIBRARY ARCHIVES Kerala Legislative Assembly

PRESIDENT: പന്ത്രണ്ടാമത്തെവകുപ്പിൽ ഗൃഹസ്ഥർ എന്നുള്ളവാക്ക് ഉപയോഗിച്ചിരിക്കുന്നു. അതിന് ഒരു വിവരണം വേണമെന്നൊ വേണ്ടന്നോ?

MR. C. N. TUPPAN MAMPUTIRIPAD (*Co-opted*): സാധാരണയായി ഒരു സജാതീയവിവാഹം ചെയ്യുന്നതിന് വിജാതീയവിവാഹത്തിന്റെ ചിലവുമായി താരതമ്യപ്പെടുത്തി നോക്കുന്നതായാൽ സജാതീയവിവാഹത്തിന് വളരെ കൂടുതൽ ചിലവുണ്ടാകുന്നതാണ്. ഏതു ജാതിയിലായാലും വിവാഹ അവസരത്തിൽ ആഹാരത്തിന്റെ കായ്മ എത്രയും അത്യാവശ്യമാണ്. അതുകൂടാതെ അസംഖ്യം വൈദികകർമ്മങ്ങളും മാസത്തിൽ രണ്ടും മൂന്നും പ്രാവശ്യം നടത്തേണ്ടതുണ്ട്. ആ നിലക്ക് ഈ കൂടുതലായിട്ടുള്ള ചിലവുകൾക്കായി ഫ ഫ-ാം വകുപ്പാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അതുകൊണ്ട് ഗൃഹസ്ഥപദം എടുത്തുകളഞ്ഞാൽ സജാതീയവിവാഹത്തിനു കൂടുതൽചിലവാകുന്നു, ആ തത്വത്തെ മനസ്സിലാക്കികൊണ്ടും അതിനുള്ള കൂടുതൽചിലവിന് എങ്കിലും സൌകര്യം അവക്കുകൊടുത്താൽ അവർ തൃപ്തിപ്പെടുന്നതാണ്. അതിനാൽ ഗൃഹസ്ഥപദം ആവശ്യമാണെന്നാണ് എന്റെ അഭിപ്രായം. ഈ സംഗതി ഈ കൌൺസിലിൽനിന്നും അനുവദിച്ചാൽ കൊള്ളാമെന്നാണ് എന്റെ അഭിപ്രായം.

MR. A. THANU PILLAI (*Trivandrum*): I support the amendment. I am of opinion that the definition can very well be deleted. But I would suggest that Clause 12 be settled before we eventually decide on the retention or deletion of the definition of the word "*Grahasta*" because there are amendments to Clause 12 which may do away with the necessity of considering the question whether the definition of the word should be retained at all. If that course is adopted, the matter may be dealt with later on.

Even otherwise I would suggest that since the term "*Grahasta*" occurs only in one Clause in the whole Bill and it seems to be controversial, it may be brought in in Clause 12 and the intention made clear.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): Are there any amendments to Clause 12?

MR. A. THANU PILLAI (*Trivandrum*): There are two amendments to Clause 12 one by Mr. Kesava Pillai and the other by Mr. A. G. Menon. They are as follows:

MR. R. KESAVA PILLAI: Delete the whole Clause and substitute the following:

"Any member of an Illom shall be entitled to get a separate allotment of properties of the Illom for his, or her maintenance, as the case may be, provided there is just and sufficient cause for such allotment."

LIBRARY ARCHIVES Kerala Legislative Assembly

MR. A. G. MENON: Delete the words "a *grahasta*" and substitute the words "any member of an Illom".

Either Clause 12 must be considered first or to avoid unnecessary controversy the definition of the word must be deleted and the terms a person who has married a wife from his own community be put in in place of "*grahasta*" in Clause 12.

That would do away with unnecessary controversy.

PRESIDENT: But it comes to the same thing. If you are going to put the definition anyhow in Clause 12 what is the harm in having the definition here?

MR. A. THANU PILLAI (*Trivandrum*): I am only speaking about the objectionable part of the definition of the word "*grahasta*".

PRESIDENT: This is what they understand by the word "*grahasta*".

MR. A. THANU PILLAI (*Trivandrum*): I thought there were objections raised by Mr. A. G. Menon.

PRESIDENT: I do not think that anybody will have any objection to the definition.

MR. A. THANU PILLAI (*Trivandrum*): In any case, I would suggest that Clause 12 be settled first, because, on that depends the question whether we should have the definition or not.

PRESIDENT: Will it be in order to take Clause 12 before Clause 2?

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): Yes, Sir, the Council may accept the motion in the form that the consideration of Clause 2, Sub-clause (7) be taken up after the disposal of Clause 12.

PRESIDENT: As the sense of the House seems to be that Clause 2 may be taken up for consideration after Clause 12, Clause 2 sub-clause (7) may stand over for the present.

The House will now rise and meet again at 2-35 P. M.

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): The least possible time that we require for lunch is 45 minutes.

PRESIDENT: Very well, the House will meet at 2-45 P. M.

The Council adjourned for lunch at 2 P. M. and reassembled at 2-50 P. M. the President presiding.

MR. NARAYANAN NAMPUTIRIPAD JATAVEDAN NAMPUTIRIPAD (*Co-opted*): ഇവിടെ പല ഭേദഗതികളും ഉണ്ട്. ശരിയായ നോട്ടീസ് കിട്ടീട്ടില്ലാത്തതിനാൽ ഇതിനെപ്പറ്റിയുള്ള ആലോചന അടുത്ത ഒരവസരത്തിലേക്കു മാറ്റിവച്ചാൽ കൊള്ളാമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

PRESIDENT: There is a motion by Mr. Jatavedan Namputiripad to adjourn the further consideration of this Bill. Does anybody second that motion?

MR. K. P. NILAKANTA PILLAI (*Chirayinkil*): I second it.

PRESIDENT: I put to the House the motion of Mr. Jatavedan Namputiripad that the further consideration of the Namputiri Bill be postponed.

The motion was put and carried.

LIBRARY ARCHIVES Kerala Legislative Assembly